**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഉജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയബാധിതരെ സഹായിക്കുന്നതിനായി രൂപീകരിച്ച ഉജ്ജീവന പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാക്കിയ വ്യവസായ സ്ഥാപനങ്ങളുടെ കണക്ക്, നൽകിയ തുക, പ്രവർത്തനങ്ങൾ എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | 17/12/2018 ലെ സ.ഉ.(കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ പ്രഖ്യാപിച്ച 'ഉജ്ജീവന സഹായ പദ്ധതി ' യിൽ റവന്യൂ ദുരന്ത നിവാരണ വകുപ്പ് വഴിയാണ് സബ്സിഡി അനുവദിക്കുന്നത്. പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പ് സാക്ഷ്യപ്പെടുത്തിയ സ്ഥാപനങ്ങളെയാണ് സഹായത്തിനായി പരിഗണിച്ചിരുന്നത്. ഉജ്ജീവന പദ്ധതി പ്രകാരം ഓരോ ജില്ലയിലും അനുവദിച്ച വായ്പ, MSME യൂണിറ്റുകളുടെയും ഷോപ്പുകളുടെയും അപേക്ഷകളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു. ജില്ല അപേക്ഷകരുടെ എണ്ണം അനുവദിച്ച വായ്പ (ലക്ഷം രൂപയിൽ) തിരുവനന്തപുരം 3 39 കൊല്ലം 5 43.50 പത്തനംതിട്ട 245 1524.47 ആലപ്പുഴ 108 1031.66 കോട്ടയം 12 15.75 ഇടുക്കി 94 294.33 എറണാകുളം 482 4946.52 തൃശ്ശൂർ 236 327.24 പാലക്കാട് 16 99.60 മലപ്പുറം 62 61.50 കോഴിക്കോട് 9 9.10 വയനാട് 79 395.54 കണ്ണൂർ 14 63.40 കാസർഗോഡ് 0 0 ആകെ 1365 8851.61 |

സെക്ഷൻ ഓഫീസർ